ഇ-ഗവേണൻസിനുവേണ്ടി ഡിപ്പാർട്ട്മെന്റ് തലത്തിൽ വിവിധ പ്രോജക്ട് കമ്മിറ്റികളും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ അപെക്സ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇ-ഗവേണൻസ് നയരൂപീകരണത്തിന് സ്റ്റിയറിംഗ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി നിലവിലുണ്ട്.

ഓപ്പൺ പ്ലാറ്റ്ഫോമിൽ ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടി

174(2212) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവയുടേതായ 'ബ്ലോഗുകൾ' തുടങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത വരാതെ 'ഓപ്പൺ പ്ലാറ്റ്ഫോമിൽ' ബ്ലോഗ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; നിബന്ധനകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ 'ബ്ലോഗുകൾ' തുടങ്ങുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഒന്നുംതന്നെ നിശ്ചയിച്ചിട്ടില്ല.

ഇ-ഗവേണൻസ്

175(2213) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിലാണ് ഇപ്പോൾ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുള്ളത്;

(ബി) പേപ്പർ-രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(സി) തങ്ങളുടെ പരാതികളും ഫയലുകൾ സംബന്ധിച്ച നീക്കവും അറിയുന്നതിന് പൊതുജനങ്ങൾക്കായി എന്ത് സംവിധാനമാണ് വിവിധ സർക്കാർ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

GPM. 2/243/2020-36

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. 4 ഡയറക്ടറേറ്റുകളിലും കണ്ണൂർ കളക്ടേറ്റിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റ കളക്ടേറ്റുകളിലും 21 സബ് കളക്ടേറ്റുകളിലും 75 താലൂക്കുകളിലും ലാൻഡ് റവന്യൂ കമ്മീഷണർമാരുടെ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, വി.എച്ച്,എസ്.ഇ. എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങൾ എസ്.എസ്.ഡി.ജി. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിലേയ്ക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.

(ബി) പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിന് പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക്കായി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്. എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മിഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികളുമായി ബന്ധപ്പെട്ട ഇ-ഫയലുകളുടെ തൽസ്ഥിതി അറിയുവാനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ 'office.kerala.gov.in' എന്ന യു.ആർ.എൽ. മുഖാന്തരം പൊതുജനങ്ങൾക്ക് ഈ സേവനം ലഭ്യമാകുന്നതാണ്.